പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 846

28.09.2011-ൽ
മറുപടിയ്ക്ക്

ശബരിമല സന്നിധാനത്ത് കരസേന നിർമ്മിക്കുന്ന പാലത്തിൻെറ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) ശബരിമല സന്നിധാനത്തിലെ തിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) ശബരിമല അയ്യപ്പദർശനം കഴിയുന്ന മുറക്ക് തീർത്ഥാടകർ മാളികപ്പുറത്തുനിന്ന് ശ്രീധർമ്മ ശാസ്താ ക്ഷേത്ര തിരുമുറ്റത്തിന് പിൻഭാഗത്തുകൂടി നിർമ്മിക്കുന്ന പാലവും റോഡും വഴി ചന്ദ്രാനന്ദൻ റോഡിൽ എത്തി പമ്പയിലേക്ക് മടങ്ങുന്നതിന് സൗകര്യം ഒരുക്കുക വഴി തിരക്ക് കുറക്കുവാൻ കഴിയും. |
| (ബി) സന്നിധാനത്ത് കരസേനയുടെ എൻജിനീയറിംഗ് വിഭാഗം നിർമ്മിക്കുന്ന പാലത്തിൻെറ പണി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (ബി) ബെയ്‌ലി ബ്രഡ്ജിൻെറ പണി പുരോഗമിക്കുന്നു. |
| (സി) പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഇതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(ഇ) ഈ മണ്ഡല കാലത്തിന് മുമ്പ് ഇതു പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (സി), (ഡി), & (ഇ) ഉണ്ട്. ബെയ്‌ലി ബ്രിഡ്ജിനോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിൻെറ നിർമ്മാണം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഒരു കോടി മുപ്പത് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറു രൂപയുടെ അടങ്കൽ തുകയ്ക്കുള്ള ഉടമ്പടിയാണ് ഇതിനായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ജംഗ്പാംഗിയും, അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം), ചെയർമാൻ, ഹൈപ്പവർ കമ്മിറ്റിയും ചേർന്ന് 26/07/2011 -ൽ ഒപ്പ് വച്ചിരിക്കുന്നത്. ഈ മണ്ഡല കാലത്തിനു മുൻപു തന്നെ ഇതിൻെറ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ